ഡിവിഷനോ സ്ഥാപിക്കുന്ന കാര്യത്തിൽ ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ &ബി) പ്രസ്തുത ഭൂമിയിൽ ബോർഡിന്റെ പരിശീലന കേന്ദ്രം സ്ഥാപിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല. എന്നാൽ ഇവിടെ ഒരു സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തിവരുന്നു. റ്റി.എം.ആർ. ഡിവിഷന്റെ കാര്യത്തിലും അന്തിമ തീരുമാനമായിട്ടില്ല.

കൂടംകുളം ആണവ നിലയത്തിൽനിന്ന് ലഭിക്കേണ്ട വൈദ്യുതി

28 (368) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടംകുളം ആണവ നിലയത്തിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ടത് എത്ര മെഗാവാട്ട് വൈദ്യുതി ആണ് ; വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച കരാർ ഒപ്പ് വച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) കൂടംകുളം ആണവ വൈദ്യുത നിലയത്തിൽനിന്ന് സംസ്ഥാനത്തിന്റെ വിഹിതം ലഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കൂടംകുളം ആണവനിലയത്തിന്റെ യൂണിറ്റ് 1&2-ൽ (2x1000 MW) നിന്നും 266 MW വൈദ്യുതിയാണ് ലഭിക്കേണ്ടത്. ഇത് ലഭ്യമാക്കുന്നതിന് 15-11-2013-ന് ന്യൂക്ലിയർ പവർ കോർപ്പറേഷനുമായി (NPCIL) കരാർ ഒപ്പ് വച്ചിട്ടുണ്ട്. എന്നാൽ, ഇപ്പോൾ കൂടംകുളം ആണവനിലയത്തിന്റെ ഒന്നാം യൂണിറ്റിൽനിന്നും പരീക്ഷണാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

15.65 ശതമാനം അഥവാ 156.47 മെഗാവാട്ട് വൈദ്യുതിയാണ് കേരളത്തിന് ലഭിക്കുന്നത്.

(സി) കൂടംകുളം ആണവ നിലയത്തിൽനിന്നും കേരളത്തിലേയ്ക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനുവേണ്ടി തിരുനെൽവേലിമുതൽ ഇടമൺവരെയുള്ള ലൈൻ നിർമ്മാണവും കൊച്ചിയിൽനിന്നും മാടക്കത്തറവരെയുള്ള ലൈൻ നിർമ്മാണവും കൊച്ചിയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. എന്നാൽ ഇടമൺ മുതൽ കൊച്ചിവരെയുള്ള ലൈൻ നിർമ്മാണം പ്രസ്തുത ലൈൻ റൂട്ടിലെ കർഷകരുടെ എതിർപ്പുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്.

ഇടമൺ-കൊച്ചി 400 കെ.വി.റൂട്ടിലേയ്ക്കായി മാത്രം 19-8-2014-ലെ (എംഎസ്.) 27/14/ഊ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പ്രഖ്യാപിച്ച പ്രത്യേക നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ആയത് സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. ബന്ധപ്പെട്ട ജനപ്രതിനിധികളെയും ആക്ഷൻ കൗൺസിൽ പ്രതിനിധികളെയും പങ്കെടുപ്പിച്ച കൊണ്ട് 18-11-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി യോഗം ചേരുകയും കൂടുതൽ ചർച്ചകൾക്കായി 4-12-2014-ൽ വീണ്ടും യോഗം ചേരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

വൈദ്യുതി മോഷണം

29 (369) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും വൈദ്യുതി ദുരുപയോഗം തടയുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ;

(ബി) 1-7-2011 മുതൽ 31-10-2014 വരെ എത്ര വൈദ്യുതി മോഷണ കേസുകൾ കണ്ടുപിടിച്ചു ; എത്ര യൂണിറ്റ് പിഴ ഈടാക്കി ; വിശദാംശം നൽകാമോ ;

(സി) 1-7-2011 മുതൽ 31-10-2014 വരെ പാലക്കാട് ജില്ലയിൽ എത്ര

LIBRARY ARCHIVES Kerala Legislative Assembly